**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള– ശനിയാഴ്ച തോറും**

**സെപ്തംബർ 7, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ദിവ്യ ഐക്യവും യഥാർത്ഥ പ്രേമവും

# DIVINE UNITY AND TRUE LOVE

## Q. 336:

**സ്വാമീ! ഞങ്ങൾ മിക്കപ്പോഴും കേൾക്കുന്ന, പണ്ഡിതന്മാർ ഉപയോഗിക്കുന്ന, രണ്ടു പദങ്ങളാണ് പ്രകൃതിയും പുരുഷനും. ദയവായി ഈ രണ്ടു പദങ്ങൾ വിശദീകരിച്ചു തന്നാലും.**

**ഭഗവാൻ:**

പ്രകൃതിയും പുരുഷനും ദ്രവ്യവും ഊർജ്ജവുമാകുന്നു. നിങ്ങൾക്കവയെ പോസിറ്റീവെന്നും നെഗറ്റീവെന്നും എടുക്കാം. ഒരു ബൾബുണ്ടെങ്കിലും, പവർസപ്ലൈ ഇല്ലാത്തിടത്തോളം നിങ്ങൾക്ക് വെളിച്ചം കിട്ടില്ല. അതേപോലെ, ബൾബ് ഇല്ല എങ്കിലും, പവർസപ്ലൈ നിഷ്പ്രയോജനമായിരിക്കുന്നു.



അതുകൊണ്ട്, കറന്റും ബൾബും ആവശ്യമുണ്ട്. ഇതേപോലെ, ഈ സമസ്ത സൃഷ്ടിയും പ്രകൃതിയുടെയും പുരുഷന്റെയും ഒരു സംയോഗമാണ്. ഇവ രണ്ടും പരസ്പരാശ്രിതവും അന്യോന്യബന്ധമുള്ളതും ആകുന്നു. പ്രകൃതി വീക്ഷിക്കപ്പെടുന്നത് സ്ത്രൈണമായാണ് ഈശ്വരൻ മാത്രമാണ് ഒരേയൊരു പുരുഷൻ. ഒരു വിമൻസ് കോളജിൽ, നാടകത്തിലെ എല്ലാ റോളുകളും കളിക്കുന്നത് സ്ത്രീകളാണ്. അതുപോലെ, ശരീരത്തിന്റെ തലത്തിൽ വ്യത്യാസങ്ങളുണ്ട്. പക്ഷേ, അകത്തു വസിക്കുന്ന ആത്മാവ് ഒന്നുതന്നെയാണ്. ശരീരമെന്നത് എല്ലുകളുടെ ഒരു കൂമ്പാരമാണ്. അതൊരു നീർക്കുമിള പോലെയാണ്, നശ്വരമാണ്. പല



അസുഖങ്ങളാലും അത് രോഗാതുരമാകുന്നു. എല്ലാറ്റിനുമുപരി, അതു നിറയെ മൂത്രം, മലം, രക്തം, പേശികൾ, എല്ലുകൾ ഇവയാണല്ലോ. അത് ദുർഗന്ധം മാത്രമേ പുറപ്പെടുവിക്കൂ, പൂക്കളുടെയും സുഗന്ധദ്രവ്യങ്ങളുടെയും സൗരഭ്യം അല്ല.

ശരീരം പ്രകൃതിയാണ്, അതിൽ ആനുകാലികമായി മാറ്റം സംഭവിച്ചുകൊണ്ടിരിക്കും.



എന്നാൽ, നിത്യവും മാറ്റമില്ലാത്തതും അനശ്വരമായ തുമായ സത്യം പുരുഷൻ അഥവാ ഈശ്വരൻ ആകുന്നു. വിലമതിക്കത്തക്കത് പുരുഷൻ മാത്രമാണ്. പ്രകൃതി സ്വീകരിക്കപ്പെടുകയും പരിപോഷിക്കപ്പെടുകയും ചെയ്യുന്നത് പുരുഷൻ ഉള്ളിടത്തോളമാണ്.

പഞ്ചസാരയും ഗോതമ്പിന്റെ ക്രീമും ചേർത്ത് റവ ലഡ്ഡു എന്ന മധുരപലഹാരം ഉണ്ടാക്കാറുണ്ട്. പഞ്ചസാരയും പരിപ്പും ചേർത്ത് ലഡ്ഡു ഉണ്ടാക്കാം. അതേ പഞ്ചസാര ഏതു തരം ധാന്യപ്പൊടിയും ചേർത്ത് ലഡ്ഡു ഉണ്ടാക്കാം. ഇതേപോലെ, പുരുഷൻ വ്യത്യസ്ത നാമരൂപങ്ങൾ ധരിച്ച് പ്രകൃതിയിലൂടെ പ്രവർത്തിക്കുന്നു. എന്നാൽ, അതീന്ദ്രിയമായ, സ്ഥലകാലങ്ങൾക്കതീതമായ, അദ്വൈതമായ, സനാതനമായ, ആനന്ദമയമായ, ജ്ഞാനത്തിന്റെ ആൾരൂപമായ പുരുഷൻ ഒരു സാക്ഷിയായി നിലകൊള്ളുന്നു പ്രകൃതിയെ, വിശ്വത്തെ സൃഷ്ടിച്ചത് ഈ പുരുഷനാണ്. പുരുഷൻ വസ്തുവാകുന്നു, അതേസമയം പ്രകൃതി അവിടുത്തെ പ്രതിബിംബം ആകുന്നു.





സ്വർണം, വെള്ളി, ചെമ്പ്, പിന്നെ കളിമണ്ണ് ഇവകൊണ്ടുണ്ടാക്കിയ പാത്രങ്ങളിൽ വെള്ളം നിറയ്ക്കുന്നു എന്നിരിക്കട്ടെ. പാത്രങ്ങൾ ലോഹം കൊണ്ടും അവയുടെ മൂല്യംകൊണ്ടും വ്യത്യാസപ്പെടുന്നുവെന്നാലും, ഈ സകല പാത്രങ്ങളിലെയും സൂര്യന്റെ പ്രതിബിംബം ഒന്നുതന്നെയാകുന്നു. അതുകൊണ്ട്, സൂര്യൻ പുരുഷനാകുന്നു, പാത്രങ്ങൾ പ്രകൃതിയെ പ്രതിനിധീകരിക്കുന്നു. ദ്രവ്യം + ഊർജ്ജം = ഈശ്വരൻ.

**സ്വാമീ! ചിലർ വിഷ്ണുവിനെ ആരാധിക്കുന്നു, അതേസമയം ചിലർ ശിവനെയാണ് ആരാധിക്കുന്നത്. അവർ പരസ്പരം നോക്കില്ല. ഈ രണ്ടു ഗ്രൂപ്പുകൾ-ശൈവരും വൈഷ്ണവരും- തമ്മിൽ സ്ഥിരം ശത്രുതയാണ്. ഈശ്വരന്റെ ഈ രണ്ടു ഗ്രൂപ്പുകളെ എങ്ങനെ ഒരുമിപ്പിക്കാമെന്ന് ദയവായി ഞങ്ങൾക്കു പറഞ്ഞുതന്നാലും.**

**ഭഗവാൻ:** ഇത് അങ്ങേയറ്റത്തെ അജ്ഞതയും വിഡ്ഢിത്തവുമാണ്. ശാസ്ത്രങ്ങൾ



പറയുന്നു, "ഏകം ഏവാദ്വിതീയം ബ്രഹ്മ", ഇതിനർത്ഥം ഈശ്വരൻ രണ്ടാമതൊന്നില്ലാത്ത ഒന്ന് ആകുന്നു എന്നാണ്. അതിപ്രകാരവും പറയുന്നു: "അദ്വൈത ദർശനം ജ്ഞാനം", യഥാർത്ഥ ജ്ഞാനം അദ്വൈതമാകുന്നു. ഓരോ സത്യാന്വേഷിയും അഥവാ ആത്മീയാഭിലാഷിയും നാനാത്വത്തിലെ ഈ ഏകത്വം അറിയണം. ദൈവികതയിലെ ഏകത്വം നിങ്ങൾ അനുഭവിക്കണം. ഭഗവാൻ വിഷ്ണുവിന്റെ ആരാധകർ തിരുപ്പതിയിലെ ഏഴു മലകളുടെ പ്രഭുവിനെ 'വെങ്കടരമണാ' എന്ന് അഭിസംബോധന ചെയ്യുമ്പോൾ, ശിവന്റെ ആരാധകർ അവിടുന്നിനെ 'വെങ്കടേശ്വരാ' എന്ന് വിളിക്കുന്നു. എന്നാൽ, രണ്ടും ഒന്നുതന്നെയെന്ന് നിങ്ങൾക്കറിയാമല്ലോ.

വിഷ്ണു, ശിവൻ ഇവരിൽ ആർക്കാണ് മാഹാത്മ്യം കൂടുതൽ എന്ന് അവധാനപൂർവം ചിന്തിക്കുന്നതിനും, ചർച്ച ചെയ്ത് ഒരു അന്തിമതീരുമാനത്തിലെത്തുന്നതിനും ഒരിക്കൽ, ഒരു രാജാവ് പണ്ഡിതന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. തർക്കിക്കുന്ന ഇരു ഗ്രൂപ്പുകളും അവരവരുടെ വീക്ഷണങ്ങൾ എല്ലാവർക്കും ബോധ്യപ്പെടുംവണ്ണം അവതരിപ്പിച്ചു. ഈ വിഷയത്തിൽ തനിക്ക് വിധി പറയുന്നതിനുവേണ്ടി, പണ്ഡിതന്മാരുടെ വാദഗതികളെല്ലാം പരിഗണിക്കുന്നതിന് രാജാവ് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു.





അദ്ദേഹം എണീറ്റിട്ടു പറഞ്ഞു, "അല്ലയോ രാജാവേ! ഈ രണ്ടു ഗ്രൂപ്പുകാരും ഒരിക്കലെങ്കിലും യാഥാർത്ഥ്യം അനുഭവിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. വിഷ്ണുവാണ് ശിവനേക്കാൾ കേമൻ എന്ന് വൈഷ്ണവ സമ്പ്രദായത്തിനായി വാദിക്കുന്നവർക്ക് വിഷ്ണുവിനെക്കുറിച്ച് വലിയ അറിവൊന്നുമില്ല. അവർക്ക് ശരിക്കും അവിടുന്നിനോടു ഭക്തിയുണ്ടായിരുന്നുവെങ്കിൽ, അവർ വിഷ്ണുവിലും ശിവനെ ദർശിച്ചേനേ. അതേപോലെ, ശിവനാണ് വിഷ്ണുവിനേക്കാൾ കേമൻ എന്ന് സ്ഥാപിച്ചവർ ശിവനിൽ വിഷ്ണുവിനെയും കണ്ടേനേ."

**സ്വാമീ! അവിടുന്ന് അവിടുത്തെ പ്രഭാഷണങ്ങളിൽ പ്രേമം ആവർത്തിച്ച് പരാമർശിക്കുന്നു. എന്തുകൊണ്ട്? ഞങ്ങൾക്ക് ഞങ്ങളുടെ ഉള്ളിൽ പ്രേമം, സ്നേഹം ഇല്ലേ? ഇല്ലായെങ്കിൽ, അതെങ്ങനെ ഞങ്ങൾ വികസിപ്പിക്കാനാണ്? പ്രേമം, സ്നേഹം, മോഹം ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്?**

**ഭഗവാൻ**: നിങ്ങൾ കരുതുന്നത് നിങ്ങൾക്ക് പ്രേമം(love)ഉണ്ടെന്നാണ്. അതൊരു തെറ്റിദ്ധാരണയാണ്. നിങ്ങൾക്ക് അഭിമാനം(attachment) മാത്രമാണുള്ളത്. ഇതു രണ്ടും തമ്മിൽ ഒത്തിരി വ്യത്യാസങ്ങളുണ്ട്. നിങ്ങൾക്കുള്ളത് വഴി തെറ്റിയ പ്രേമമാണ്, അത് വിഭിന്ന ദിശകളിൽ പ്രവഹിക്കുന്നതിന് അനുവദിക്കപ്പെട്ട്, അവസാനം അത് മമതയിലേക്ക് കൂപ്പു കുത്തിയിരിക്കുകയാണ്. നിങ്ങൾ യഥാർത്ഥ പ്രേമം മറന്നുപോയിരിക്കുന്നു.

നിങ്ങൾക്ക് നിങ്ങളുടെ കുട്ടികളോടുള്ള പ്രേമം വാത്സല്യം(affection) ആണ്. നിങ്ങളുടെ ഭാര്യയോടുള്ള നിങ്ങളുടെ പ്രേമം അനുരാഗം(attachment), മമത ആകുന്നു, പിന്നെ ലൗകിക വസ്തുക്കളോടുള്ള നിങ്ങളുടെ മമകാരം(possessiveness) ആകുന്നു. നിങ്ങളുടെ സമരായവരോടുള്ള സ്നേഹം മൈത്രി(friendship)യാണ്. ഇതുപോലെ, പ്രേമം വിഭിന്ന ദിശകളിൽ പ്രവഹിക്കുന്നു. ശരിയായ അർത്ഥത്തിൽ, ഇതെല്ലാം പ്രേമമല്ല. ഇതെല്ലാം ഭൗതികമായത്, ലൗകികമായത്, സദാ മാറുന്നത്, താൽക്കാലികമായത് ആണ്. അവ നിങ്ങൾക്ക് സന്തോഷം മാത്രമാണ് തരിക.

ഇന്ന് നിങ്ങൾ ഒരു കാര്യത്തിന് സന്തോഷിക്കും, നാളെ അതേ കാര്യം നിങ്ങൾക്ക് സന്തോഷം നൽകണമെന്നില്ല. ശൈത്യകാലത്ത് കമ്പിളി കോട്ട് ധരിക്കുന്നത് നിങ്ങൾക്ക് സന്തോഷമാണ്, എന്നാൽ ഗ്രീഷ്മത്തിൽ നിങ്ങൾ അതേ കമ്പിളി ധരിച്ചാൽ നിങ്ങൾക്ക് സന്തോഷമാവില്ല. അതുകൊണ്ട്, കാലം(time), നില(position), സ്ഥലം(space), മനോനില(state of mind) ഇവ നിങ്ങളുടെ സന്തോഷത്തെ ബാധിക്കുന്നു.

ഇത്തരം സന്തോഷം നിങ്ങൾക്ക് അഭിമാനത്തിൽനിന്ന്, മമതയിൽനിന്ന് കിട്ടുന്നതാണ്. രാമായണത്തിൽ, അയോദ്ധ്യയിലെ രാജാവായ ദശരഥൻ മരിക്കുന്നത് രാമനോടുള്ള തന്റെ മമത കാരണത്താലാണ്, കാരണം അവന്റെ വേർപാട് അദ്ദേഹത്തിന് താങ്ങാനാവുമായിരുന്നില്ല. ഇനിയും, കൈകേയിയുടെ മമതയാണ് ഭരതനെ കിരീടധാരിയായി അവരോധിക്കുന്നതിനും രാമനെ നാടു കടത്തുന്നതിനുമുള്ള ശ്രമത്തിന് വഴിവച്ചത്.

രാമനും ദശരഥനും തമ്മിലുള്ള താരതമ്യം നിങ്ങൾ നിരീക്ഷിക്കുക. പിതാവായ ദശരഥന്, കൈകേയിയോടുള്ള മമത കാരണം, താൻ അവൾക്കു വാഗ്ദാനം ചെയ്ത വരങ്ങൾ നൽകിയതു കാരണം, രാമനിൽനിന്ന് വേർപിരിയേണ്ടി വന്നു. എന്നാൽ, അദ്ദേഹത്തിന്റെ മകനായ രാമനാവട്ടെ, തന്റെ പത്നിയായ സീതയെ, രാവണന്റെ തടവിൽ ലങ്കയിൽ എട്ടു നീണ്ട മാസക്കാലം അവൾ ചെലവിട്ടതിന്റെ പേരിൽ ഒരു അലക്കുകാരൻ അവളെക്കുറിച്ച് ദുഷിച്ചു സംസാരിച്ചപ്പോൾ, അവളെ ഒരു വനത്തിൽ അവളുടെ വിധിക്ക് വിട്ടുകൊടുത്തുകൊണ്ട് ഉപേക്ഷിക്കുകയുണ്ടായി. എന്തൊരു പരമമായ നിർമമത്വം! അവിടുന്നിന് സാമ്രാജ്യത്തോടും യാതൊരു മമതയും ഉണ്ടായിരുന്നില്ല. അതിനാൽ, അവിടുന്ന് സ്വന്തം താതന്റെ ആജ്ഞ അനുസരിച്ച്, വനവാസത്തിനു പോയി.

മഹാഭാരതത്തിൽ, രാജാവ് ദശരഥൻ അദ്ദേഹത്തിന്റെ പുത്രരോടുള്ള മമത കാരണം എപ്രകാരം നിശ്ശബ്ദനായിരുന്നു എന്ന് നിങ്ങൾക്കറിയാം-പിതൃസഹോദര പുത്രരായ പാണ്ഡവരോട്, അവർ ദ്രോഹങ്ങൾ പ്രവർത്തിക്കവേ. അത് അന്തിമമായി അദ്ദേഹത്തിന്റെ സകല സന്തതികളുടെയും മരണത്തിലേക്കാണ് നയിച്ചത്. അങ്ങനെയല്ലേ? യശോദയ്ക്ക് കൃഷ്ണന്റെ ദിവ്യത്വം പൂർണ്ണമായും ഉൾക്കൊള്ളുന്നതിന് കഴിഞ്ഞിരുന്നില്ല എന്തെന്നാൽ, അവളെല്ലായ്പോഴും, വാത്സല്യം, മമത കാരണം, അവനെ സ്വന്തം പുത്രനായി മാത്രം കരുതി, ഒരിക്കൽപ്പോലും ഈശ്വരനായല്ല കരുതിയത്.

ബുദ്ധന് തന്റെ ഭാര്യയായ യശോദയോടും പുത്രനായ രാഹുലനോടും മമത ഉണ്ടായിരുന്നുവെങ്കിൽ, അവരെ വിട്ടുപോകുന്നതിന് അദ്ദേഹത്തിന് സാധ്യമാകുമായിരുന്നോ?



കൃഷ്ണൻ, ഒരിക്കൽ അവിടുന്ന് ബാല്യം ചെലവഴിച്ച റെപ്പള്ളി വിട്ടുപോയതിൽപ്പിന്നെ ഒരിക്കൽപോലും അവിടെ തിരികെ കാലു കുത്തിയില്ല. അവിടുന്നിന് ആ സ്ഥലത്തോട് യാതൊരുവിധ മമതയുമുണ്ടായിരുന്നില്ല. എന്നാൽ ഗോപികളുമായി അവിടുന്നിന് ഉണ്ടായിരുന്ന അടുപ്പം തുടർന്നു, എന്തെന്നാൽ അത് പ്രേമവും പ്രേമവും തമ്മിലുണ്ടായിരുന്ന ബന്ധമായിരുന്നു, അത് ദൈവികമായിരുന്നു.

പാണ്ഡവരുടെ സ്നേഹത്തിന്, അവർക്കു കടന്നുപോകേണ്ടിവന്ന ഭയങ്കരമായ ക്ലേശങ്ങൾക്കു പുറമെയും, യാതൊരു കുറവോ നഷ്ടമോ സംഭവിച്ചില്ല. പ്രേമം മാറ്റമില്ലാത്തതാണ്. പ്രേമം സ്ഥിരവും അചഞ്ചലവുമാണ്. പ്രേമം അദ്വൈതമാണ്. പ്രേമം പ്രശംസയാൽ മാഞ്ഞുപോവുന്നില്ല, അത് നിന്ദയാൽ അപ്രത്യക്ഷമാവുന്നുമില്ല. പ്രേമം നിസ്വാർത്ഥവും നിരുപാധികവും ആകുന്നു. പ്രേമം ആദ്ധ്യാത്മികവും അടി

സ്ഥാനപരമായി ദിവ്യവുമാകുന്നു. മാനവവംശത്തോടുള്ള ജീസസ്സിന്റെ പ്രേമമായിരുന്നു, അവിടുന്ന് കുരിശിലായിരിക്കെ, അവനെ പീഢിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അവനെ പ്രേരിപ്പിച്ചത്. പ്രേമത്തിന്റെ പരമകാഷ്ഠയല്ലേ അത്?

പ്രേമവും ആനന്ദവുമാണ് ഒരു ശിശുവിൽ നിറയെ. വളർന്നുതുടങ്ങുമ്പോൾ, അവൻ കളിപ്പാട്ടങ്ങളെ സ്നേഹിക്കാൻ തുടങ്ങുന്നു; അതിൽപ്പിന്നെ അവൻ കളിക്കാൻ ഇഷ്ടപ്പെടുന്നു, സാവധാനം സുഹൃത്തുക്കളെ സ്നേഹിക്കാൻ തുടങ്ങുന്നു. ഒരു യുവാവായിത്തീരുമ്പോൾ, അവൻ ഒരു ജീവിതപങ്കാളിയെ സ്നേഹിക്കാൻ തുടങ്ങുന്നു, പിന്നെ അവന്റെ കുടുബത്തെയും; ക്രമേണ അവൻ സമ്പത്ത്, പദവി, ആസ്തികൾ ഇവയെ സ്നേഹിക്കാൻ തുടങ്ങുന്നു. ഇങ്ങനെ, പ്രേമം വിവിധ ദിശകളിൽ പ്രവഹിക്കുന്നതിന് അനുവദിക്കപ്പെടുന്നു, അത് നേർത്തുപോകുന്നു, അവസാനം അത് മമത (attachment)യിലേക്ക് ഒതുങ്ങുന്നു.

ഈശ്വരനോടുള്ള നിങ്ങളുടെ സ്നേഹം ഭക്തിയാകുന്നു, വിനയം, അനുസരണ പോലെയുള്ള നന്മകൾ വളർത്തുന്നതിന് അതു നിങ്ങളെ സഹായിക്കുന്നു, നിങ്ങളുടെ ജീവിതം ആനന്ദമയമാക്കുന്നു. അത് മുക്തി, സ്വാതന്ത്ര്യം നേടുന്നതിന് നിങ്ങളെ സഹായിക്കുന്നു. ഇന്ന് നിങ്ങൾക്ക് ആവശ്യമുള്ളത് പ്രേമത്തിന്റെ വിപുലീകരണം ആകുന്നു.

ഏറ്റവും ആദ്യമായി, നിങ്ങളുടെ കുടുംബത്തെ സ്നേഹിച്ചു തുടങ്ങുക, നിങ്ങളുടെ ബന്ധുക്കളിലേക്ക് ആ സ്നേഹം നീട്ടുക, സാവധാനം നിങ്ങളുടെ സമൂഹത്തിലേക്കും, പിന്നീട് നിങ്ങളുടെ മുഴുവൻ രാജ്യത്തേക്കും, അന്തിമമായി ഈ സമസ്ത വിശ്വത്തിലേക്കും അത് വ്യാപിപ്പിക്കുക.

നിങ്ങൾക്ക് ഈശ്വരനെ സാക്ഷാത്കരിക്കാനും അനുഭവിക്കാനും കഴിയുക, സ്നേഹം കൊണ്ട്, സ്നേഹത്തിലൂടെ മാത്രമാണ്, കാരണം, ഈശ്വരൻ സ്നേഹത്തിന്റെ ആൾരൂപമാകുന്നു. ഒരു കാര്യം അല്ലെങ്കിൽ മറ്റൊന്ന് ഇല്ലാത്ത ആളുകളെ നിങ്ങൾക്ക് കാണാനാവും. എന്നാൽ, പ്രേമമില്ലാത്തവരായി ആരെയും കാണാൻ നിങ്ങൾക്ക് കഴിയില്ല. നിങ്ങളത് വഴി തിരിച്ചുവിടേണ്ടിയിരിക്കുന്നു. പ്രേമം എന്നത് മനുഷ്യനുള്ള ഈശ്വരന്റെ വക സമ്മാനമാകുന്നു, സ്വാഭാവിക ഗുണമാകുന്നു.

പ്രഫസർ അനിൽകുമാർ കൂടുതൽ ദിവ്യ വെളിപ്പെടുത്തലുകൾ നമുക്ക് അടുത്ത ലക്കത്തിൽ തരും.
നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിറാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (സത്യോപനിഷത്ത് വാല്യം 1 പേജ് 175–182)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)